പതിമൂന്നാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3009

22/02/2016 ൽ മറുപടി നൽകേണ്ടിയിരുന്നത്.

ഫാമുകൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. കോലിയക്കോട് എൻ.കൃഷ്ണൻ നായർ: | | കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി). |
| എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സർക്കാർ മേഖലയിൽ ആട്, മുയൽ, കാട, മുട്ടക്കോഴി , ഇറച്ചിക്കോഴി ഫാമുകൾ പുതുതായി ആരംഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | എ) | 1. കൊല്ലം ജില്ലയിൽ കോട്ടത്തറയിൽ മൃഗസംരക്ഷണ വകുപ്പിന്റെയും, കൊല്ലം ജില്ലാപഞ്ചായത്തിന്റെയും സംയുക്താഭിമുഖ്യത്തിൽ പ്രതിവാരം 10,000 കോഴിക്കുഞ്ഞുങ്ങളെ ഉല്പാദിപ്പിക്കുന്ന ഒരു ഹാച്ചറി തുടങ്ങിയിട്ടുണ്ട്.<br>2. ആർ.കെ.വി.വൈ യിൽ ഉൾപ്പെടുത്തി മലപ്പുറം ജില്ലയിലെ എടവണ്ണയിൽ 6 കോടി രൂപ ചിലവിൽ ഒരു മുട്ടക്കോഴിഫാമും, ഹാച്ചറിയും തുടങ്ങുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. |
| ബി) പ്രസ്തുത ഫാമുകൾ ഇതു വഴി എത്ര പേർക്ക് പുതുതായി തൊഴിൽ നൽകാൻ കഴിഞ്ഞുവെന്ന് പറയാമോ; | ബി) | കൊല്ലം ജില്ലയിൽ കോട്ടത്തറയിൽ 4 പേർക്ക് പുതുതായി തൊഴിൽ നൽകിയിട്ടുണ്ട്. എടവണ്ണ ഫാമിൽ ഫാമിന്റെ പണി പൂർത്തീകരിച്ചുകഴിഞ്ഞാൽ മാത്രമേ ജീവനക്കാരെ നിയമിക്കുകയുള്ളു. |
| സി) പ്രസ്തുത പദ്ധതികൾക്കായി ബജറ്റിൽ ഇതുവരെ എത്ര തുക വീതം അനുവദിച്ചു എന്ന് വിശദമാക്കാമോ? | സി) | കൊല്ലം ജില്ലയിൽ കോട്ടത്തറയിലെ ഫാമിനായി ബഡ്ജറ്റിൽ തുക ഒന്നും അനുവദിച്ചിട്ടില്ല. എടവണ്ണ ഫാമിലേയ്ക്ക് ആർ.കെ.വി.വൈ യിൽ 6.0296 കോടി രൂപയുടെ അനുമതിയും ഇതുവരെയായി ഒരു കോടിരൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ